File No.LSGD-DB1/167/2019-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.ഡിബി1/167/2019/തസ്വഭവ
തസ്വഭ (ഡിബി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 06/06/2019

## സർക്കുലർ

വിഷയം:- തസ്വഭവ- ലൈഫ് മിഷൻ – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വർഷത്തെ(2019-20) പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണപദ്ധതിക്കു വേണ്ടി വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സ.ഉ (കൈ ) 11/2018 /ത.സ്വ.ഭ.വ തീയതി 29/1/2019
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 30-05-2019 തീയതിയിലെ എൽ.എഫ് 2/511/2017/ലൈഫ് നമ്പർ കുറിപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന നിർമ്മാണപദ്ധതിക്കു വേണ്ടി വകയിരുത്താൻ സൂചന 1ലെ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിന്റെ 20% തുക ലൈഫ് ഭവന പദ്ധതിക്കുവേണ്ടി ചെലവഴിക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.

1. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾ വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന്റെ 20% തുക ഗ്രാമ പഞ്ചായത്തുകളിലെ ലൈഫ് ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായി( ജനറൽ/പട്ടികജാതി/പട്ടിക വർഗ്ഗം) അതാത് ഗ്രാമ പഞ്ചായത്തുകൾ അപേക്ഷിക്കുന്ന മുറയ്ക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്.

2. ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന വിഹിതവും ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിന്റെ 20% തുകയും ഉൾപ്പെടെ ലൈഫ്

പദ്ധതിക്ക വേണ്ടി ചെലവഴിക്കേണ്ടതാണ്.

3. ലൈഫ് മിഷന്റെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ ഇനി പൂർത്തീകരിക്കുവാനുള്ള വീട്ടുകൾക്ക് നിയമാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടെങ്കിൽ ടി തുക അതിനു വേണ്ടി ചെലവഴിക്കാവുന്നതാണ്.

4 .മിഷന്റെ രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവന രഹിതരുടെ ഭവന നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമായി നൽകേണ്ട 80000രൂപ ഗുണഭോക്താക്കൾക്ക് നൽകുവാനുണ്ടെങ്കിൽ ടി തുക അതിനു വേണ്ടി ചെലവഴിക്കാവുന്നതാണ്.

5. മിഷന്റെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതർക്ക് ഭവനം നൽകുന്നതിനു വേണ്ടി സ്വന്തമായി ഭവന സമുച്ചയം നിർമ്മിക്കുന്നതിനും ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനം നിർമ്മിക്കുന്നതിന് സ്വന്തമായി സ്ഥലം ലഭ്യമല്ലെങ്കിൽ ആവശ്യമായ സ്ഥലം വാങ്ങുന്നതിനു തുക ചെലവഴിക്കാവുന്നതാണ്.

6 . സ്വന്തമായി സ്ഥലമില്ലാത്ത ഗുണഭോക്താവിന് 3 സെന്റിൽ കുറയാത്ത സ്ഥലം വാങ്ങുന്നതിന് പരമാവധി 2 ലക്ഷം രൂപ നൽകുന്നതിനും വേണ്ടി ടി തുക വിനിയോഗിക്കാവുന്നതാണ്.

ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാർക്കും സെക്രട്ടറിമാർക്കും(ഗ്രാമ വികസന കമ്മീഷണർ മുഖാന്തിരം)

എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ

മുഖാന്തിരം)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് മാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും

മെംമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:-

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്